**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 259** **07-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബിന്റെ നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക്ക് ഹെൽത്ത് ലാബാക്കി ഉയർത്തുന്നതുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 1.25 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലാ പബ്ലിക് ഹെൽത്ത് ലാബിനെ ഇൻറഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആയി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കെട്ടിട നവീകരണ പ്രവർത്തനങ്ങൾക്ക് 1.25 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 1,93,637/- ( ഒരു ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി അറുന്നൂറ്റി മുപ്പത്തിയേഴ് രൂപാ മാത്രം ) രൂപക്ക് ഉപകരണങ്ങൾ വാങ്ങുവാൻ KMSCL-ന് സർക്കാർ ഭരണാനുമതി നല്കുകയും, KMSCL ആയത് സപ്ലൈ ചെയ്ത് ഇൻസ്റ്റാലേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (ബി) | മലപ്പുറം ജില്ലാ പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബാക്കി ഉയർത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും, കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് ലാബിലെ നിലവിലുള്ള ഉപകരണങ്ങളും, അനുബന്ധ സാമഗ്രികളും താൽകാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചാൽ മാത്രമേ നിലവിലുള്ള പഴയ കെട്ടിടത്തിന്റെ അറ്റകുറ്റ പണികളും എക്സ്റ്റൻഷൻ വർക്കുകളും ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ ജില്ലാ പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ലാബിൽ നിലവിലുള്ള ഉപകരണങ്ങളും, അനുബന്ധ സാമഗ്രികളും താൽകാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റി |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്നും അത് ലഭിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (സി) | PM-ABHIM പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പബ്ലിക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബാക്കി ഉയർത്തുന്നതിന് നവീകരണ പ്രവൃത്തികൾക്ക് 1.25 കോടി രൂപ അനുവദിച്ചതു പ്രകാരം ജില്ലാ മെഡിക്കൽ ആഫീസർ മലപ്പുറത്തിന്റെ No. DMO -MLPM/769/2024- C1, dated 07/02/2024 കത്ത് പ്രകാരം NOC യ്ക്ക് വേണ്ടി വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ NOC ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ